കൃഷി വികസനത്തിനായി കർഷകർക്ക് സൗജന്യ വൈദ്യുതി

82 [5326] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിവികസനത്തിനായി കർഷകർക്ക് സൗജന്യ വൈദ്യുതി ഏതെല്ലാം വിഭാഗങ്ങൾക്കാണ് ഇപ്പോൾ നൽകിവരുന്നത്;

(ബി) ഈ സർക്കാർ വന്നശേഷം കൃഷിക്കായി എത്ര പേർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്;

(സി) ഈ ഇനത്തിൽ എത്ര കോടിരൂപയുടെ കുടിശ്ശിക വൈദ്യുതി വകുപ്പിന് ലഭിക്കുവാനുണ്ട്;

(ഡി) ഇപ്പോൾ ഈ വിഭാഗത്തിൽ കണക്ഷൻ ലഭിച്ചവർക്ക് കുടിശ്ശികയുള്ളതിനാൽ വൈദ്യുതി ബോർഡ് ഇവരുടെ കണക്ഷൻ വിച്ഛേദിക്കാൻ ശ്രമിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് ഒഴിവാക്കി ഇവരുടെ കണക്ഷൻ നിലനിർത്താൻ എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-8-95 മുതൽ വിസ്തൃതി പരിധിയില്ലാതെ നെൽകൃഷിക്ക് പൂർണ്ണമായും 1-4-97 മുതൽ രണ്ട് ഹെക്ടറിൽ കവിയാത്ത മറ്റെല്ലാ കാർഷിക വിളകൾക്കും വൈദ്യുതി സൗജന്യം സർക്കാർ ബാധകമാക്കിയിട്ടുണ്ട്.

(ബി) 24,562 കണക്ഷൻ നൽകിയിട്ടുണ്ട്.

(സി) 31-3-2003-ലെ കണക്കുപ്രകാരം കർഷകർക്ക് വൈദ്യുതി സൗജന്യം നൽകിയ ഇനത്തിൽ 27,50,08,087 രൂപ ബോർഡിന് ലഭിക്കാനുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഈ വിഭാഗത്തിൽപ്പെട്ട കണക്ഷനുകളുടെ വൈദ്യുതി ചാർജ്ജ് കൃഷിഭവനുകളിൽ നിന്നും അതാതു മാസം തന്നെ അടച്ചാൽ ഡിസ്കണക്ഷൻ ഒഴിവാകുന്നതാണ്.

സംയോജിത കയർ വികസന പദ്ധതി നടപ്പാക്കാനായി വൈദ്യുതി

83 [5327] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത കയർ വികസന പദ്ധതി നടപ്പാക്കാനായി മിനിമം ഗ്യാരന്റിയിൽ വൈദ്യുതി നൽകുന്നതിന് സർക്കാർ നിശ്ചയിച്ച വ്യവസ്ഥകൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly